പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3680**

15.05.2017-ൽ മറുപടിക്ക്

## കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എം.ആരിഫ് | | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണത്തിന് എത്ര രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണത്തിന് 20 കോടി രൂപയാണ് ബഡ്ജറ്റ് സ്പീച്ച് 17-18-ൽ അനുവദിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കിയതിനുശേഷം പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ? | (സി) | തത്വത്തിലുള്ള അംഗീകാരം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി KIIFB-ക്ക് സമർപ്പിക്കുന്നതാണ്. |

S. Bindu

സെക്ഷൻ ഓഫീസർ